ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്
ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷൻ
സംസ്ഥാന കമ്മറ്റി, തിരുവനന്തപുരം – 01
അഫിലിയേറ്റഡ് - ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻ
ഇ.ജെ.ഫ്രാൻസിസ് സ്മാരകം, പ്രസ്സ് ക്ലബ്ബിന് സമീപം, തിരുവനന്തപുരം-1
ഇ-മെയിൽ: itdiokerala@gmail.com

ജയൻ പി.ആർ
പ്രസിഡന്റ്
മൊബൈൽ: 6282721293

ആന്റണി ജോസഫ്
ജനറൽ സെക്രട്ടറി
മൊബൈൽ: 9744 996 141

നമ്പർ: ITDIO/52/24 തീയതി: 11-12-2024

സ്വീകർത്താവ്,

ബഹു: ട്രെയിനിംഗ് ഡയറക്റ്റർ
വ്യാവസായിക പരിശീലന വകുപ്പ്, കേരള സർക്കാർ

വിഷയം:

വ്യാവസായിക പരിശീലനവകുപ്പിലെ ഐ. ടി. ഐ അധ്യാപകർ നേരിടുന്ന അവഗണനയും അവകാശനിഷേധങ്ങളും അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുന്നത് സംബന്ധിച്ച്.

- **ഐ. ടി. ഐ അധ്യാപകരോടുള്ള നിരന്തര അവഗണന,**

രാജ്യത്തെ യുവതിയുവാക്കളിലൂടെ വിവിധ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐടിഐ). ഏതൊരു പരിശീലന സ്ഥാപനങ്ങളിലേതും എന്നതുപോലെ ഐടിഐ കളുടെ ജീവനാഡിയായി പ്രവർത്തിക്കുന്നത് ഇൻസ്ട്രക്ടർമാരാണ്. എന്നാൽ വർഷങ്ങളായി സേവന, വേതന, പ്രമോഷൻ വിഷയങ്ങളിൽ വലിയ അവഗണനയാണ് ഇൻസ്ട്രക്ടർമാർക്ക് നേരിടേണ്ടി വരുന്നത്. സെക്കന്റ് ഗ്രേഡ് ജീവനക്കാരായിരുന്ന ഇൻസ്ട്രക്ടർമാർ തേർഡ് ഗ്രേഡായി തരംതാഴ്ത്തപ്പെട്ടത് ഒരു ഉദാഹരണം മാത്രമാണ്. വകുപ്പിൽ നിന്നും ശമ്പളപരിഷ്ക്കരണ കമ്മീഷനു നൽകുന്ന ശിപാർശകളിലെ അപാകതകളാണ് ഇത്തരം പ്രയാസങ്ങൾ സൃഷ്ട്ടിക്കുന്നത്. ഭാവിയിൽ ഇൻസ്ട്രക്റ്റർ തസ്തികക്ക് ഗുണകരമാകുന്ന രീതിയിലുള്ള ശിപാർശകൾ വകുപ്പിൽ നിന്നും ഉണ്ടാവേണ്ടതുണ്ട്.

- **ഓൺലൈൻ ട്രാൻസ്ഫർ സമയബന്ധിതമായും മാനദണ്ഡങ്ങൾക്ക് അനുസൃതമായും നടപ്പിലാക്കി 'ക്യൂ ലിസ്റ്റ്' പ്രസിദ്ധീകരിക്കണം,**

ജീവനക്കാരുടെ സ്ഥലംമാറ്റം നീതിയുക്തമായും സുതാര്യമായും നടപ്പിലാക്കുന്നതിന് വകുപ്പിലെ അധ്യാപക സംഘടനയായ ITDIO കോടതി വ്യവഹാരങ്ങളിലൂടെ ഓൺലൈൻ സ്ഥലമാറ്റം സാധ്യമാക്കിയെങ്കിലും പൂർണ്ണമായും മാനദണ്ഡങ്ങൾക്ക് അനുസൃതമായും സമയബന്ധിതമായും സ്ഥലംമാറ്റം നടപ്പാക്കുന്നതിന് വകുപ്പിന് ഇതുവരെയും സാധിച്ചിട്ടില്ല. ഈ വർഷത്തെ പൊതു സ്ഥലംമാറ്റം 2024 ഡിസംബർ മാസം പകുതിയോടെ ആണു നടപ്പിലായത്. സ്പാർക്ക് ജനറേറ്റഡ് ഫൈനൽ ലിസ്റ്റും, ക്യൂ ലിസ്റ്റും വകുപ്പിൽ ഇപ്പോഴും അപ്രാപ്യമാണ്. ജീവനക്കാരുടെ മക്കളുടെ വിദ്യാഭ്യാസത്തെ ബാധിക്കാതിരിക്കാൻ ഓരോ വർഷത്തെയും സ്ഥലംമാറ്റം സ്കൂൾ അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് പൂർത്തിയാക്കേണതുണ്ട്.

- **ട്രെയിനികൾക്ക് ശനി അവധി ദിവസമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ കേരളത്തിലെ വിദ്യാഭ്യാസ-തൊഴിലധിഷ്ഠിതവിദ്യാഭ്യാസസ്ഥാപനങ്ങളിലേതുപോലെ ഐ. ടി. ഐ അധ്യാപകർക്കും അവധി നൽകണം**

മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക ജീവനക്കാരിൽ നിന്ന് വ്യത്യസ്തമായി ഒരു പ്രവർത്തി ദിവസത്തിന്റെ ഏതാണ്ട് മുഴുവൻ സമയവും പരിശീലനം നൽകുന്നതിൽ വ്യാപൃതരായിരിക്കുന്ന വിഭാഗമാണ് ഐ. ടി. ഐ ഇൻസ്ട്രക്ടർമാർ. പരിശീന ദിവസമല്ലാത്ത ശനിയാഴ്ചയും ജോലിക്ക് ഹാജരാകണമെന്ന നിലക്കാണു സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുള്ളത്.. കേരളത്തിലെ മറ്റൊരു വിദ്യാഭ്യാസ തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങളിലും അവധി ദിവസങ്ങളിൽ അധ്യാപകർ ഹാജരാവേണ്ടതില്ല

എന്നിരിക്കെ ഐ. ടി. ഐ അധ്യാപകർക്കും ഈ അനുകൂല്യം നൽകുന്നതിനായി വകുപ്പ് സർക്കാറിലേക്ക് ശിപാർശ നൽകണമെന്ന് അഭ്യർഥിക്കുന്നു.

- **ട്രെയിനികൾക്ക് ശനി അവധി നൽകിയ സാഹചര്യത്തിൽ ACD ഇൻസ്ട്രക്ടർമാരെ പുനക്രമീകരിച്ച ഉത്തരവ് പിൻവലിച്ച് ACD തസ്തിക പുനസ്ഥാപിക്കേണ്ടതുണ്ട്,**

ശാസ്ത്രീയമായ പഠനത്തിന്റെ പിൻബലം ഇല്ലാതെയും പ്രായോഗികത മനസ്സിലാക്കാതെയും സംസ്ഥാനത്തെ ഐടിഐ കളിലെ 36 ACD തസ്തികകളും 14 ES അധ്യാപക തസ്തികകളും പുനക്രമീകരിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് പുതുതായി ആരംഭിച്ച നാല് ഐടിഐ കളിലേക്ക് ജീവനക്കാരെ നിയോഗിക്കുന്നതിലേക്കായാണ് പുനക്രമീകരണം നടത്തിയിട്ടുള്ളത്. ACD അധ്യാപകരുടെ തസ്തിക നിർണയത്തിന് ഒരാഴ്ചയിൽ 24 മണിക്കൂറാണ് മേൽ വിഷയങ്ങൾക്ക് പരിഗണിച്ചിട്ടുള്ളത്. ട്രെയിനികൾക്ക് ശനി അവധി നൽകിയ സാഹചര്യത്തിൽ ഒരാഴ്ചയിലെ മേൽ വിഷയങ്ങളുടെ പഠന സമയം 24 മണിക്കൂറിൽ നിന്ന് 20 മണിക്കൂർ ആയി കുറവ് വന്നിട്ടുണ്ട്. മാത്രമല്ല ACD അധ്യാപക പുനക്രമീകരണ പഠനസമിതി നിർദേശിച്ച കമ്പൈൻഡ് ക്ലാസുകൾ ഐടിഐ കളിലെ നിലവിലെ ഭൗതിക സാഹചര്യത്തിൽ പ്രായോഗികമല്ലാത്തതും ES വിഷയത്തിന്റെ സിലബസിനോട് പൊരുത്തപ്പെടാത്തതും ആണ്. ട്രെയിനിങ്ങിന് അത്യന്താപേക്ഷിതമായ അധ്യാപക തസ്തിക പുനക്രമീകരിച്ച നടപടി പുതിയ സാഹചര്യത്തിൽ പ്രായോഗിക തലത്തിൽ നടപ്പിലാക്കാൻ കഴിയില്ലാ എന്ന യാഥാർത്യം ഉൾക്കൊണ്ട് ACD/ES തസ്തികകൾ പുനർസ്ഥാപിക്കുന്നതിനുള്ള വേണ്ട ക്രിയാതമക ഇടപെടലുകൾ ഉണ്ടാവണം എന്നഭ്യർഥിക്കുന്നു.

- **സ്പെഷ്യൽ റൂൾ ഭേദഗതി നടപടികൾ വേഗത്തിൽ ആക്കുക.**

വകുപ്പിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി നടപ്പിലാക്കണമെന്ന് പതിറ്റാണ്ടുകളായി ജീവനക്കാർ ആവശ്യപ്പെടുന്നു. എന്നാൽ ഇക്കാര്യത്തിൽ ബോധപൂർവ്വമായ അലംഭാവവും മെല്ലെ പോക്കുമാണ് ബോധ്യപ്പെടുന്നത്. ഐടിഐ അധ്യാപകരുടെ യോഗ്യത DGT മാനദണ്ഡങ്ങൾ പാലിച്ച് ഡിഗ്രി യോഗ്യത ക്രമപ്പെടുത്താനും നിർബന്ധിത അധ്യാപക യോഗ്യതയായി NCIC ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം.

- **ഐടിഐ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിൽ അപാകത പരിഹരിക്കുക, ജോലിയുടെ സ്വഭാവത്തിന് അനുസൃതമായ ശമ്പള സ്കെയിൽ നിശ്ചയിക്കുക**

ഹൈസ്കൂൾ തലം പൂർത്തിയാക്കിയ ട്രെയിനികൾക്ക് തിയറി/ പ്രാക്ടിക്കൽ പരിശീലനം നൽകുന്ന ഐടിഐ ഇൻസ്ട്രക്ടർമാർക്ക് ഹൈസ്കൂൾ അധ്യാപകരിലും ഏറെ താഴെ, യുപി സ്കൂൾ അധ്യാപകരോടടുത്ത ശമ്പള സ്കെയിലാണ് ഇപ്പോൾ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ഓരോ തവണയും ശമ്പള പരിഷ്കരണത്തിൽ ഇൻസ്ട്രക്ടർമാരുടെ ശമ്പള സ്കെയിൽ താഴേക്ക് പോകുന്ന സ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്. ഒരു പ്രവർത്തി ദിവസം അഞ്ചര മുതൽ ആറര മണിക്കൂർ വരെ പരിശീലനം നൽകേണ്ടിവരുന്ന ഐടിഐ ഇൻസ്ട്രക്ടർമാരുടെ ജോലി സ്വഭാവം പരിഗണിച്ച് അർഹമായ ശമ്പള സ്കെയിൽ അനുവദിക്കപ്പെടുന്നതിന് വകുപ്പിൽ നിന്നും ആത്മാർത്ഥമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

കൂടാതെ എല്ലാ ഐടിഐ കളിലും GI തസ്തിക അനുവദിക്കുന്നതിനും, എല്ലാ ട്രേഡുകളിലും വർക്ക്ഷോപ്പ് അറ്റൻഡർ തസ്തിക അനുവദിക്കുന്നതിനും, എല്ലാ തസ്തികകളിലും പ്രമോഷൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, പ്രമോഷൻ നടപടികളിലെ വിവേചനം അവസാനിപ്പിക്കുന്നതിനും അങ്ങയുടെ അനുഭാവപൂർവമായ ഇടപെടൽ ഉണ്ടാവണമെന്ന് സവിനയം അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ

ആന്റണി ജോസഫ്
ജനറൽ സെക്രട്ടറി
ITDIO സംസ്ഥാനകമ്മിറ്റി

13/12/2024
തിരുവനന്തപുരം